## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2648** **06.02.2018-ന് മറുപടിയ്ക്ക്**

## വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

**ചോദ്യം** **മറുപടി**

**ശ്രീ. വി.ടി.ബൽറാം**
**ശ്രീ. വി.പി.സജീന്ദ്രൻ**
**ശ്രീ. അടൂർ പ്രകാശ്**
**ശ്രീ. പി.ടി. തോമസ്**

**ശ്രീ. കെ. രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വനം കയ്യേറ്റം വ്യാപകമാകുന്നതായും അതിനെതിരെ നടപടി എടുക്കുവാൻ രാഷ്ട്രീയ സമ്മർദ്ദങ്ങളുടെ പേരിൽ ഉദ്യോഗസ്ഥർക്ക് കഴിയുന്നില്ലായെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അടുത്ത കാലത്തായി വനം കയ്യേറ്റം വ്യാപകമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കയ്യേറ്റം ഒഴിപ്പിക്കുന്നതിനെതിരെ രാഷ്ട്രീയ സമ്മർദ്ദമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വനം കയ്യേറ്റം നടന്നിട്ടുള്ളത് ഏത് മേഖലയിലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വനം കയ്യേറ്റം നടന്നിട്ടുള്ളത് കിഴക്കൻ മേഖലയിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | 1977 ജനുവരി 1ന് ശേഷമുള്ള വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കണമെന്ന് 2015 സെപ്റ്റംബർ 4-ാം തീയതി കേരള ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ, പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; എത്ര ഏക്കർ വനപ്രദേശം ഒഴിപ്പിച്ചു; വിശദാംശം നൽകുമോ? | (ഡി) | കേരള ലാന്റ് കൺസർവൻസി ആക്ട് (1957), കേരള ഫോറസ്റ്റ് ആക്ട് (1961) എന്നിവ പ്രകാരം കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ടി പ്രവൃത്തി കോടതി വിധി കൈപ്പറ്റിയ തീയതിമുതൽ 6 മാസത്തിനകം ആരംഭിച്ച് അടുത്ത 6 മാസത്തിനകം പൂർത്തീകരിക്കുന്നതിനും 04.09.2015 ൽ ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.<br>ഇതനുസരിച്ച് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) കോടതി ഉത്തരവ് അനുസരിച്ച്, 20.01.2016 തീയതിയിലെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ 6-ാമത് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ വിശദമായ ചർച്ചയ്ക്ക് വയ്ക്കുകയും, യോഗ തീരുമാനപ്രകാരം ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുവാൻ |

| | | | | |
|---|---|---|---|---|
| | | | | റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.<br>2) ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കാൻ കയ്യേറ്റക്കാരുടെ ലിസ്റ്റ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകി.<br>3) ഏതാനും സ്ഥലങ്ങളിൽ വനം കയ്യേറ്റക്കാർക്ക് വനം വകുപ്പ് നേരിട്ട് നോട്ടീസ് നൽകിയിട്ടുണ്ട്.<br>4) 04.09.2015 ലെ ബഹു. ഹൈക്കോടതിവിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും, കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ബഹു. കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധിക സമയവും നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തതയും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ ഹൈക്കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിന്മേൽ അന്തിമ ഉത്തരവ് ആയിട്ടില്ല.<br>04.09.2015 ലെ ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ 113.7337 ഹെക്ടർ ഒഴിപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**